**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5817. 03.11.2016 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ചോദ്യം
**ശ്രീ.പാറക്കൽ അബ്ദുല്ല**

മറുപടി
**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് സെസ്സായി പിരിച്ചെടുക്കുന്ന തുക നിയമാനുസൃതം വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാറുകൾ താൽപര്യം കാണിക്കുന്നില്ലന്ന സുപ്രീംകോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികളുടെ ആരോഗ്യസുരക്ഷ, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയ്ക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി)കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായുള്ള തൊഴിലാളികളുടെ ആരോഗ്യ സുരക്ഷക്കായി അപകട ചികിത്സാധനസഹായം, മാരക രോഗ ചികിത്സാധനസഹായം, സാധാരണ ചികിത്സാ ധനസഹായം എന്നിങ്ങനെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ക്യാഷ് അവാർഡ്, എസ്.എസ്.എൽ.സി പഠന സഹായം, എൻട്രൻസ് ധനസഹായം, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും ചട്ടപ്രകാരം വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ അംഗതൊഴിലാളികളുടെ എം.ബി.ബി.എസ്/ എൻജിനീയറിംഗ് പഠിക്കുന്ന കുട്ടികൾക്ക് ലാപ്പ്ടോപ്പ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ ക്ഷേമനിധി ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ നിന്ന് തൊഴിലാളി ക്ഷേമത്തിനായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ? | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**